# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 176

08.12.2014 ൽ മറുപടിയ്ക്ക്

### നിയമനത്തിൽ സംവരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) സർക്കാർ നേരിട്ട് ശമ്പളം നൽകുന്ന എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനത്തിൽ സംവരണം ഏർപ്പെടുത്തുന്നതിൽ നിലപാട് അറിയിക്കാമോ ; | (എ)<br>&<br>(ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) ആവശ്യമെങ്കിൽ നിയമനിർമ്മാണത്തിലൂടെ ഇതിനുവേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | | |
| (സി) ദേവസ്വം ബോർഡ്, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിലും സംവരണം പാലിക്കാൻ വേണ്ട നിയമനിർമ്മാണ ത്തിനു തയ്യാറാകുമോ; | (സി) | തിരുവിതാംകൂർ, കൊച്ചി, മലബാർ,ദേവസ്വം ബോർഡിലെ കോളേജ്/സ്കൂളുകളിലേക്കുള്ള എല്ലാ നിയമനങ്ങളും ജനറൽ വിഭാഗത്തിൽ നിന്നാണ് നടത്തുന്നത്. ഗുരുവായൂർ ദേവസ്വത്തിലെകോളേജ്/സ്കൂളുകളിലേക്കുള്ള നിയമനം ഗുരുവായൂർ ദേവസ്വം ആക്ട് 19 പ്രകാരം 10% എസ്.സി എസ്.റ്റി വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ എല്ലാദേവസ്വം ബോർഡുകളിലേക്കുമുള്ള അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലേക്കുള്ള നിയമനങ്ങൾക്കായി ഒരു ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ